**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4740** **29-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന യുവജന കമ്മീഷന്റെ കർമ്മപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ എം വിൻസെൻറ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ സാമൂഹ്യപ്രശ്നങ്ങൾ പരിശോധിക്കാനും സർക്കാരിന് റിപ്പോർട്ട് നൽകാനുമായി സംസ്ഥാന യുവജന കമ്മീഷൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന കർമ്മപദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | വിവിധ സാമൂഹ്യപ്രശ്നങ്ങൾ പരിശോധിക്കാനും സർക്കാരിന് റിപ്പോർട്ട് നൽകാനുമായി സംസ്ഥാന യുവജന കമ്മീഷൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന കർമ്മപദ്ധതികൾ ചുവടെ ചേർക്കുന്നു:- i. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ച് കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ ii. സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ് iii. ഇ.എം.എസ് മെമ്മോറിയൽ ഇന്റർ-യൂണിവേഴ്സിറ്റി പ്രസംഗ മത്സരവും യുവജനദിന പരിപാടികളും iv. യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ' v. യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം (a) ഗ്രീൻ യൂത്ത് പദ്ധതി (b) വിർചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് vi. ജില്ലകളിൽ അദാലത്തുകളും ലോക്കൽ ലെവൽ സിറ്റിംഗും നടത്തുന്നത് vii. യൂത്ത് ഐക്കൺ അവാർഡ് viii. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യ പരിപാലനം. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:- 1. സാമൂഹ്യ വിപത്തുകളായ മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗവും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും, ഏത് തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുക. 2. ദുർബല വിഭാഗത്തിലും ഗോത്രവർഗ്ഗ വിഭാഗത്തിലും പെടുന്നവരുടെ സാമൂഹിക - സാമ്പത്തിക വികസനത്തിന്റെ ആസൂത്രണ നടപടികളിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുക. 3. യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചു കൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാധ്യതകളും കഴിവുകളും കണ്ടെത്തുക. 4. യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിൻമേലും, പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന പ്രശ്നങ്ങളിൻമേൽ സ്വമേധയായും, അന്വേഷണം നടത്തുകയും, അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരികയും, നടപടികൾക്ക് ശുപാർശ ചെയ്യുകയും ചെയ്യുക. 5. പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹിക ബോധം, സാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. 6. യുവാക്കളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി ഭരണഘടനയിലോ മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ സർക്കാർ ഉത്തരവിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ചൂഷണത്തിനെതിരെയും മറ്റ തരത്തിലും ഉള്ള വിവിധ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതിയും നടത്തിപ്പും അന്വേഷിക്കുകയും പരിശോധിക്കുകയും പരിഹാര നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | പ്രസ്തുത ലക്ഷ്യങ്ങൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:- 1. സാമൂഹ്യ വിപത്തുകളായ മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗവും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും, ഏത് തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക. 2. ദുർബല വിഭാഗത്തിലും ഗോത്രവർഗ്ഗ വിഭാഗത്തിലും പെടുന്നവരുടെ സാമൂഹിക - സാമ്പത്തിക വികസനത്തിന്റെ ആസൂത്രണ നടപടികളിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുക. 3. യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചു കൊണ്ട് ഉന്നത നിലവാരത്തിലുള്ള |

| | | | |
|---|---|---|---|
| | | | നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാധ്യതകളും കഴിവുകളും കണ്ടെത്തുക. 4. യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിൻമേലും, പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന പ്രശ്നങ്ങളിൻമേൽ സ്വമേധയായും, അന്വേഷണം നടത്തുകയും, അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരികയും, നടപടികൾക്ക് ശുപാർശ ചെയ്യുകയും ചെയ്യുക. 5. പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹിക ബോധം, സാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. 6. യുവാക്കളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി ഭരണഘടനയിലോ മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ സർക്കാർ ഉത്തരവിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ചൂഷണത്തിനെതിരെയും മറ്റു തരത്തിലും ഉള്ള വിവിധ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതിയും നടത്തിപ്പും അന്വേഷിക്കുകയും പരിശോധിക്കുകയും പരിഹാര നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ